

# ധ്വനി

ലിറ്റിൽ കൈറ്റ്സ് മാഗസിൻ

**MIHS POOMKAVU**

# ധ്വനി

എഡിറ്റർ : നിഷ . കെ . റ്റി

സ്റ്റുഡന്റ് എഡിറ്റർ : ശ്രീഹരി . കെ



സി. മെൽവി

ഹെഡ്മിസ്ട്രസ്

**എം.ഐ .എച്ച് .എസ് പൂങ്കാവിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.**

**വിവരവിനിമയ സാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികൾ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ "ധ്വനി " കുട്ടികളുടെ സർഗ്ഗാത്മക ശേഷിയെ കുറച്ചുകൂടി മെച്ചപ്പെട്ട തലത്തിലേക്ക് ഉയരാൻ സഹായിക്കട്ടെ.......**

**എല്ലാവിധ ഭാവുകങ്ങളും നേരുന്നു.**



അനിമോൾ . കെ . എൻ
എഡിറ്റർ

കലാലയത്തിലെ ഓർമകൾക്ക് എക്കാലവും നിറപ്പകിട്ടേറും...

വർഷങ്ങൾക്കുശേഷം പഴയ ഓർമകൾ തെളിച്ചെടുക്കാൻ സ്കൂൾ

മാഗസിനും ഡയറിയുമെല്ലാം പരതുന്നവരുമുണ്ട്....................

നവംബർ 1 കേരളപ്പിറവി ദിനത്തിൽ പുറത്തിറങ്ങിയ ലിറ്റിൽ

കൈറ്റ്സ് മാഗസിൻ നമ്മുടെ കൊച്ചു കൂട്ടുകാരുടെ ചിന്തകൾ

കവിതകളായും , കഥകളായും നിങ്ങളുടെ മുന്നിലേക്ക് എത്തുകയാണ്.

എല്ലാക്കാലത്തും ഓർമ്മയിൽ തങ്ങി നിൽക്കുന്ന കുറെ നല്ല

ഓർമകളായി ഇത് മാറട്ടെ എന്ന് ആശംസിക്കുന്നു.

# ആസ്വാദനകുറിപ്പ്

## അമ്മ

വൈക്കം മുഹമ്മദ് ബഷീർ

മലയാളത്തിലെ പ്രമുഖ സാഹിത്യകാരനായ വൈക്കാം മുഹമ്മദ് ബഷീർ രചിച്ച സാഹിത്യനിർഭരമായ കൃതിയാണ് അമ്മ. ഈ കൃതിയിലെ ഒരു കഥാപാത്രമാണ് ബഷീർ.

ഈ കഥയിലെ കഥാപാത്രമെന്ന നിലയിലാണ് അദേഹം നിലകൊള്ളുന്നത് താൻ ഭാരതത്തെ എത്ര സ്നഹിക്കുന്നു എന്നതാണ് കഥാസാരം. തനിക്ക് സമരത്തിലെങ്ങനെ പങ്ക് ചേരണമെന്നാണ് ഈ കഥയിലെ പ്രധാന ആശയം ആയി തിരുന്നത്. ഈ കഥയിലെ ഒരു പൗരന് ഭാരതത്തോട് തോന്നുന്ന സ്നേഹമാണ് വെളിവാകുന്നത്.

**.............അഖില**

# മൂകനായി

മുറ്റത്തു കുട്ടപ്പൻ മുല്ലനട്ടു
മുല്ലയ്ക്കു വെള്ളവും വളവുമായി
വളമേറ്റ പൂമുല്ല പന്തലിച്ചു
പന്തലിൽ പക്ഷികൾ വന്നിരുന്നു
അതുകണ്ടയൽവാസി കണ്ണുവെച്ചു
കുട്ടൻ മുല്ലയോ പട്ടുപോയി
ഇതുകണ്ട് കുട്ടന് ദുഖമായി
അവനുടെ കത്തിക്കോ മൂർച്ചയേറി
ഓരു നാളയലത്തോനെ കണ്ടനേരം
പകവീട്ടി കുട്ടപ്പൻ തൃപ്തനായി
ജയിലിലായ് പിന്നവൻ മൂകനായി

**......................................ആദിത്യൻ . എ**

# മഴച്ചൊല്ലുകൾ

.മുച്ചിങ്ങം മഴയില്ലെങ്കിൽ അച്ചിങ്ങം

.മഴ എന്ന് കേട്ടാൽ മാട്ടു പേടിക്കുമെ

.തിരുവാതിരയിൽ തിരു മുറിയാതെ മഴ

.മകരത്തിൽ മതിമറന്ന് ചെയ്യണം

.മകരത്തിൽ മഴ പെയ്താൽ മലയാളം മുടിഞ്ഞ് പോകും

.മഴയൊന്നു പെയ്താൽ മരമേഴു പെയ്യും

.............................ആദിത്യനന്ദ് . എസ്

# പൂക്കളൊക്കെയും

# വാക്കുകളാകുമ്പോൾ

ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ

ക്കിരയുമായി പറ  തിടുക്കത്തിൽ

പറന്നണയുന്നു !  പെട്ടന്നവൾ  നടുങ്ങുന്നു !

ചുറ്റിപ്പറന്നുയരുന്നു !

അവളുടെ വിളി മനുഷ്യമനസ്സിലേക്കെത്തുന്നു

.................അക്ഷയ് ബാബു

## അമ്മ

പത്തുമാസം  ചുമന്നു പെറ്റതാ
ആമിഞ്ഞ തന്ന വളർത്തോരമ്മ
താരാട്ടു    പാടി   ഉറക്കിയമ്മ
പാതിരയിൽ നമ്മുടെ ദൈവമമ്മ
അമ്മയെ ഞങ്ങൾ വണങ്ങീടണം
അമ്മതന്നാജ്ഞയുൾചേരണം
പെറ്റമ്മസ്ഥാനമലങ്കരിക്കാൻ
ചോറ്റമ്മയ്ക്കാകില്ല ഓർമ്മവേണം

.........ആൽബർട്ടോ പോൾ

കഥ

# മുറ്റത്തെ തേന്മാവ്

ഒരിക്കൽ കുട്ടനും അമ്മയും ഉത്സവം കാണാൻ പോയി . കുട്ടന് അമ്മ ഒരു പാവക്കുട്ടിയെ വാങ്ങിക്കൊടുത്തു അമ്മയ്ക്ക് എന്തെങ്കിലും വാങ്ങിക്കൊടുക്കണമെന്ന് കുട്ടന് മോഹം.തേന്മാവിൻ തൈ വങ്ങി കുട്ടൻ അമ്മയ്ക്ക കൊടുത്തു. അമ്മ കുട്ടനെ കെട്ടിപ്പിടിച്ച കുട്ടനും അമ്മയും ചേർന്ന് മുറ്റത്തു തൈ നട്ടു . വർഷങ്ങൾ കഴിഞ്ഞു പോയി തേന്മാവ് പടർന്ന് പന്തലിച്ച .മാവ് പൂത്തു. മാങ്ങകൾ വരാൻ തുടങ്ങി .കുട്ടൻ മാങ്ങ പെറുക്കാൻ കാത്തിരുന്നു. കുറച്ച നാൾ കൂടി കഴിഞ്ഞു. മാങ്ങകൾ പഴുത്തു. കുട്ടനും അമ്മയും സന്തോഷത്തോടെ മാങ്ങ പെറുക്കി. കുട്ടനും അമ്മയും കുറെ മാങ്ങ കഴിച്ചു. കുറച്ച മാങ്ങ കിളികളും തിന്നു. ബാക്കിയുള്ളവ അവർ വിറ്റു . അങ്ങനെ കുട്ടനും അമ്മയ്ക്കും ആവശ്യമുള്ള വരുമാനമായി.

.........അമല . കെ സെബാസ്റ്റ്യൻ

കവിത

# അമ്മ

അമ്മയുറങ്ങുന്നത് കണ്ടിട്ടില്ലിതുവെര

ആദ്യമുണരുന്നതും ഒടുവിലുറങ്ങുന്നതും

അമ്മയായിരുന്നു കണ്ടപ്പോൾ

പിന്നുണരുന്നതും കണ്ടതില്ല.

............ആൻഡ്രൂസ്

ആസ്വാദനക്കുറിപ്പ്

# തേൻമാവ്

വൃക്ഷത്തോടുള്ള സ്നേഹം വൃക്ഷാരാധനായി കൽപ്പിക്കപെടുന്നതിലുള്ള ബഷീറിന്റ അതൃപ്തിയും ഈ കഥയിൽ കാണാവുന്നതാണ്.കഥാകാരൻ തന്നേ കഥാപാത്രമായി വരുന്ന ശൈലി മറ്റുപല ബഷീർ കൃതികളിലേയും പോലെ തേൻമാവിലും സ്വീകരിച്ചിരിക്കുന്നു. മാത്രമല്ല കഥാപാത്രത്തെ കൊണ്ടു കഥ പറയിക്കുകയും ചെയ്തിരിക്കുന്നു. ശരിക്കും കഥയാണോ ജീവിതമാണോ എന്നറിയാതെ വയനക്കാരൻ കുഴങ്ങിപ്പോകുന്നു.

....................അന്നാ മാത്യു

# കിനാവ്

പകലിന് കിനാവിന്നും

പതിവു പോലെ

പുളിയിലക്കര പുടവ

തൊട്ടു വാലിട്ടു കണ്ണെഴുതി

മുട്ടോളമെത്തും മുടിയഴകിൽ

മെടഞ്ഞതിൽ മുല്ലപ്പൂമാലച്ചൂടി

മനസ്സിൻ്റ കടവത്തുന്നു

തോണിയേറി തുഴയുന്നു

ഇതുവരെ കാണാത്ത

മഴവില്ല് തേടി

മധുക്കൂട്ടു തേടി

.......... ആൻറീറ്റ

# മാണിക്യവീണ

വന്ദനം വന്ദനം വാർമെത്തും ദ്രാവിഡ

നന്ദിനിയായി വളർന്ന ഭാഷേ

വന്ദനം വന്ദനം ചിത്തം കവർന്നിടും

ചന്ദനാമോദം കലർന്ന ഭാഷേ

ജീവന്നു നൂതനോന്മേഷം പകർന്നിടും

ദേവഭാഷാമൃതം ചേർന്ന ഭാഷേ

നിന്മുലപാലിന്റെ വീര്യമുൾകോണ്ടതെൻ

ജന്മജന്മാന്താര പുണ്യമല്ലോ

വനിശ്യമാം ശൈലിയിൽ

നിന്നെ ജയിപ്പോരു

വശ്യമനോഹര ഭാഷയുണ്ടോ

-വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

.........ആഷ്ന

# പാവൽ

പാടത്തിൻ  കര നീളെ നീലനിറമായ്

വേലിക്കൊരാഘോഷമായ്

ആടിത്തുങ്ങിയലന്ന സുകൃതം

കൈകൊണ്ടുനിൽക്കും വിധന

പാടത്തെ വരിക്കന്റെ കൈയിലധുനാ

ചീപ്പൃഷഡംഭത്തെയും

ഭേദിച്ചൻ ചൊടു കയ്പമല്ലിതരസം

ചെറ്റുള്ള ചൈതങ്ങളെ

○ ................................അശ്വിവിൻ സുരേഷ്

# വേനൽ

മനസ്സിൽ ദിത്തികൾ ദുർബലമാക്കിയാനിശ പർവത

സ്ഫോടനത്തിൽ തിളച്ചു മറിഞ്ഞാജ്വാലകൾ

മിഴികളിൽ നിറച്ചു,

ചുറ്റുമുള്ളവരെ ചുട്ടുപൊള്ളിക്കുന്നു........

...................................ദേവനന്ദ . എസ് കുമാർ

# നറു നറായരം ഇഷ്ടങ്ങൾ

മഴയമ്മ വന്നെന്നെ

മടിയില്ല കിടത്തുന്ന

കുളിരുള്ള രാവെനിക്കിഷ്ടം

കിളിയമ്മ വന്നെന്നെ

ചിറകിലിരുത്തുന്ന

പുലരിക്കിനാവെനിക്കിഷ്ടം

പുഴയാമ്മ കളകളം

പാടിപ്പഠിപ്പിക്കും

മെഴു കുമിയോണങ്ങിഷ്ടം

.......എഡ്‌ വിൻ

# WHAT IS A LANDSLIDE AND WHAT CAUSES ONE

A landslide is defined as the movement of a mass of a rock, debris, or earth down slope . Landslides are a type of “mass wasting.” which denotes any down-slope movement of soil and rock under the direct influence of gravity. The term “landslide” encompasses five modes of slope movement: falls, topples, slides, spreads, and flows. These are further subdivided by the of geologic material (bedrock, debris, or earth).Debris flows (commonly referred to as mudflows or mudslides) and rock falls are examples of common lanslide types

Almost every landslide has multiple causes. Slopes movement occurs when forces actinh down-slope (mainly due to gravity) exceed the strength of the earth materials that compse the slope. Causes include factors that increases the effects of

down-slope forces and factors that contribute to low or reduced strength. Landslides can be initiated in slopes already on the verge of movement by rainfall, snowmelt, changes in water level, stream erosion, changes in groundwater, earthquakes, volcanic activity, disturbance by activities, or any combination of these factors. Earthquake shaking and other factors can also induce landslides underwater. These landslides are called submarine landslides. Submarine landslides sometimes cause tsunamis that damage coastal areas.

........................................ജെറിൻ റെജിസ്

# അഭയം

നമ്മളെല്ലാം    അഭയാത്രികൾ

ദൈവത്തിൻ   അഭയാത്രികൾ

അമ്മയാം ഭൂമിക്ക് അഭയാത്രികൾ

സ്നേഹത്തിൻ അഭയാത്രികൾ

എല്ലാം നമ്മുക്കുള്ള അഭയം

അഭയമാണ് എറ്റവും വലുത്

അഭയാത്രികൾ നമ്മൾ അഭയാത്രികൾ

എപ്പോഴും എല്ലായ്പ്പോഴും അഭയാത്രികൾ

.........കീർത്തന

# അമ്മ മനസ്സ്

അമ്മതൻ മനസ്സ് എന്ന് കേട്ടാൽ

സ്നേഹത്തിൻ പൂക്കൾ വിടർന്നു നിൽക്കും

അമ്മതൻ സ്നേഹം എന്നത് നന്മനിറഞ്ഞ

ഒരു ഭാവമാണ് എല്ലാ അമ്മമാർക്കും

ഉപരി നമ്മൾ കാണുന്ന ഒരു നൻമ മാത്രം

ആ അമ്മ ആണ് പ്രകൃതി അമ്മയെന്ന് നന്മയുടെ പ്രതീകം.

അമ്മയാണ് നമ്മുടെ നന്മയും

..........മെറിൻ

# ദിവ്യശക്തി

നാമറിയൊാത്തരു ദിവ്യശക്തി

നമ്മതഴുകുന്ന പൂണ്യശക്തി

നമ്മൾ തൻ ചിത്തത്തിൻ വാഴും

ശക്തി നമ്മൾ സ്തുതിക്കുന്ന

നമ്മൾ സ്നേഹിക്കുന്ന

ദൈവമാണാശക്തി  ഓർമ്മ വേണം

.......പ്രിയ

# കടം കഥകൾ

(1) അകത്തിരുന്ന നോക്കിക്കാണും കണ്ടതെല്ലാം അകത്താക്കും

ഉത്തരം:ക്യാമറ

(2) ആയിരം പോലിസുകാർക്ക് ഒരു ബെൽറ്റ്

ഉത്തരം:ചൂല്

(3) ഓട്ടും കുതിര ചാട്ടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര

ഉത്തരം:ചെരുപ്പ്

(4) മലയിൽ ജനിച്ചവൻ വെള്ളത്തിൽ ചാടി മരിച്ചു

ഉത്തരം:സൂര്യൻ

(5) കറുത്ത മതിലിന് നാല് കാല്

ഉത്തരം:ആന

(6)ഇടവഴിയിലൂടെ ഒരു കരിവടിയോടി

ഉത്തരം:പാമ്പ്

(7)വാലു കൊണ്ട് കുട പിടിച്ചു

ഉത്തരം:മയിൽ

(8)വെട്ടിയാൽ പിന്നെയും വളരും കാട്

ഉത്തരം:തലമുടി

(9)പലകക്കീഴെ പച്ചയിറച്ചി

ഉത്തരം:നഖം

(10)വട്ടത്തിൽ ചവുട്ടുമ്പോൾ നീളത്തിൽ ഓടും

ഉത്തരം:സൈക്കിൾ

................സിജിൻ

# വിദ്യ

അമ്മയുടെ ചൂടിനപ്പുറത്ത്
മറ്റൊരു  ലോകം ഇതൾവിരിയുന്നു
ആരുമറിയാതിരിക്കട്ടെ
ഈ മൂലോകമെന്ന്
കരുതുമ്പോഴും കൂടുതൽ
പാഴ്ജന്മങ്ങൾ
ഇവിടെ പുഴുക്കളെപ്പോലെ
ആരും ആർക്കും സ്നേഹം
വിളമ്പാത്ത മറ്റൊരു മായാലോകം

.........സൂരജ്

# കോഴിക്കുഞ്ഞും താറാക്കുഞ്ഞും

ഒരിടത്ത് ഒര്രു താറാവ് കോഴിയുണ്ടായിരുന്നു അവർ വലിയ ചങ്ങാതിമാരായിരുന്നു ഒരുദിവസം രണ്ടുപേരും ചേർന്ന് തീറ്റ തേടി പോകും അവരുടെ മക്കളെ പുറത്തിറങ്ങരുതെന്ന് പറഞ്ഞാണ് പോകുന്നത് . ഒരു ദിവസം അമ്മമാർ തീറ്റ തേടി പോയിക്കഴിഞ്ഞപ്പോൾ കുഞ്ഞിക്കോഴിയും താറാകുഞ്ഞും കൂടി കാഴ്ചകൾ കണാനിറങ്ങി. നടന്നുനടന്ന് അവർ കുളത്തിന്റെ കരയിലെത്തി വെള്ളം കണ്ടപ്പോൾ കുഞ്ഞിത്താറാവിന് സന്തോഷമായി. അത് വെള്ളത്തിലിറങ്ങി നീന്താൻ തുടങ്ങി. ഇത് കണ്ട് സന്തോഷമായി .

.......................ശ്രീഹരി

# _മഞ്ഞക്കുരുവി

മഞ്ഞകുരുവി വാ വാ വാ
എന്നോടൊത്ത് കളിക്കാൻ വാ
കുഞ്ഞിച്ചിറകിൻമ്മേല്ലാം
മഞ്ഞൾ പുരട്ടിയതാരാരോ.

മുറ്റത്ത് പുതുപൂവുകളിൽ
പാറിയിരിക്കാൻ തേൻനുകരാൻ
പാട്ടുകൾ പാടി വരുന്നു നീ;
വീട്ടിലിരിക്കുക സുഖമല്ലോ?

......ശ്രീലക്ഷ്മി

# രണ്ട് കൂട്ടുകാർ

ഒരു ദിവസം ഒരു കുട്ടി തന്റെ സ്കൂളിൽ പോവുകയായിരുന്നു. വഴിയിൽ വച്ച് തന്റെ കൂട്ടുകാരനെ കണ്ടു. അവനുമായി സ്കൂളിൽ പോവുകയായിരുന്ന കൂട്ടുകാരുടെ മുഖത്ത് പരിഭ്രമം കണ്ട് അവൻ ചോദിച്ചു. എന്താടാ നിനക്ക് പറ്റിയത് ഒന്നും മിണ്ടുന്നില്ലല്ലോ കാര്യം പറയൂ.

അവൻ പറഞ്ഞു നമുക്ക് സിനിമ കാണാൻ പോയാലോ എന്ന് മറ്റവൻ പറഞ്ഞു. വേണ്ട നീ വേഗം നടക്ക് ഇപ്പോൾ ബെല്ലടിക്കും. ബെല്ലടിച്ചു കഴിഞ്ഞാൽ പുന്നെ സ്കൂൾ ഉണ്ടാവില്ല. അവൻ പറഞ്ഞു വാ നമ്മുക്ക് പോകാം.

അങ്ങനെ നിർബന്ധിതനാക്കി ആവിടേയ്ക്ക് കൊണ്ടുപോയി സ്കൂൾ യൂണിറ്റിലെ തിയറ്ററിൽ ആവരെ വാച്ച്മാൻ കണ്ടു വാച്ച്മാൻ അവരെ കണ്ട കാര്യം സ്കൂളിൽ ആറിയിച്ചു. ടീച്ചർമാർ ആവരെ തിരിച്ചറിഞ്ഞിട്ടുണ്ട്.

ആവരുടെ വീട്ടിൽ വിവരം ആറിയിച്ചിട്ടുണ്ട് വീട്ടുകാർ വന്ന് ആകെ പ്രശ്നമായി. ഉറ്റ സുഹൃത്തുക്കളായിരുന്ന ആവർ രണ്ട് കൂട്ടരും പിന്നീടും സുഹൃത്തുക്കളെ പോലെ കഴിഞ്ഞു.

...... വിനീഷ്

# നന്ദി